പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3677 24/06/2014-ൽ മറുപടിക്ക്

# പെറ്റ് കോക്ക് വൈദ്യുതി നിലയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ.കെ.ലതിക | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) പെറ്റ് കോക്കിൽനിന്ന് വൈദ്യുതി ഉണ്ടാക്കുന്നതിനുള്ള നിലയം സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) കൊച്ചി റിഫൈനറിയിൽ നടപ്പാകുന്ന വികസന പദ്ധതികളുടെ ഭാഗമായി ലഭ്യമാകുന്ന ഉപോൽപ്പന്നമായ പെറ്റ് കോക്ക് ഉപയോഗപ്പെടുത്തി ഒരു താപവൈദ്യുത നിലയം സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനും പാരിസ്ഥിതിക ആഘാത പഠനം നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ഉണ്ടെങ്കിൽ നിലയത്തിന്റെ സ്ഥാപിത ശേഷി എത്രയാണെന്നും പെറ്റ് കോക്ക് വൈദ്യുതി നിലയത്തിന്റെ നിർമ്മാണത്തിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ? | (ബി) 500 മെഗാ വാട്ട് സ്ഥാപിതശേഷി ഉദ്ദേശിച്ചിരിക്കുന്ന ഈ നിലയത്തിന്റെ നിർമ്മാണച്ചുമതല ഇതുവരെയും ആരെയും ഏൽപിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ